(11) കൈവശഭൂമിക്ക് പട്ടയം

ശ്രീ. കെ. രാജു: സർ, കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ തിങ്കൾകരിക്കം വില്ലേജിൽ സാംനഗർ എന്ന സ്ഥലത്ത് 45-ഓളം കുടുംബങ്ങൾക്ക് കൈവശഭൂമിക്ക് പട്ടയം നല്കണമെന്ന പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽ ഞാൻ നേരത്തെതന്നെ കൊണ്ടുവന്നിട്ടുള്ളതാണ്. ആയതിൻപ്രകാരം മുഖ്യമന്ത്രിയുടെ ചേമ്പറിൽവച്ച് മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും കൂടി ഒരു യോഗം ചേരുകയും ചില നടപടികൾ അക്കാര്യത്തിൽ തീരുമാനിക്കുകയുമുണ്ടായി. ഇവരെല്ലാം പട്ടയത്തിന് അർഹതയുള്ളവരാണ്. കല്ലട ഇറിഗേഷൻ പ്രോജക്ടുമായി ബന്ധപ്പെട്ട് തെന്മല ഡാമിന്റെ ക്യാച്ച്മെന്റ് ഏരിയയിൽ നിന്ന് ഒഴിപ്പിച്ച് ഗവൺമെന്റുതന്നെ അവരെ മാറ്റി പാർപ്പിച്ചിട്ടുള്ള ഈ സ്ഥലത്തിന് കൈവശരേഖ കൊടുത്തിട്ടുണ്ട്, പട്ടയം കൊടുത്തിട്ടില്ല. അവർക്ക് പട്ടയം കൊടുക്കുന്നതിന് അടിയന്തര നടപടിയുണ്ടാകണം. ഗവൺമെന്റ് വനംവകുപ്പിന്റെ ഭൂമിയിലാണ് അവരെ ഇപ്പോൾ പാർപ്പിച്ചിരിക്കുന്നത്. ആ സ്ഥലത്ത് പട്ടയം കൊടുക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. ആ സ്ഥലത്തിന് പട്ടയം കൊടുക്കണമെങ്കിൽ പകരം ഭൂമി റവന്യൂ വകുപ്പ് വനം വകുപ്പിന് കൈമാറണം. മുഖ്യമന്ത്രിയുടെ ചേമ്പറിൽ വച്ച് അങ്ങുകൂടി പങ്കെടുത്ത യോഗത്തിൽ അതിനാവശ്യമായ തീരുമാനമാവുകയും ഇതിന്റെ നടപടികൾ നടത്തുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ലാന്റ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തുകയും ചെയ്തതാണ്. പക്ഷെ ഇതുവരെ യാതൊരുവിധ നടപടികളുമുണ്ടായിട്ടില്ല. ഇവരുടെ വസ്തുവിന് പട്ടയം കൊടുക്കാൻ അടിയന്തര തീരുമാനമെടുക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യണം. അവർ ഇപ്പോൾ താമസിക്കുന്ന വസ്തു വനം വകുപ്പിന്റെ ഉടമസ്ഥതയിൽപ്പെട്ട വസ്തു ആണെങ്കിലും . ആ വസ്തു തിരിച്ച് റീ-കൺവെർട്ട് ചെയ്ത് വനമാക്കുക പ്രയാസമാണ്. അതുകൊണ്ട് വനം വകുപ്പിന് പകരം ഭൂമി കൊടുത്തുകൊണ്ട് ഈ ഭൂമിയിൽ ഇവർക്ക് പട്ടയം കൊടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. ഇക്കാര്യത്തിൽ റവന്യൂ വകുപ്പുമന്ത്രി വ്യക്തിപരമായി ഇടപെടണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ തെന്മല ഡാമിന്റെ വൃഷ്ടി പ്രദേശങ്ങളിൽ താമസിച്ചിരുന്ന കുടുംബങ്ങളെ കല്ലട ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി പുനലൂർ താലൂക്കിൽ തിങ്കൾകരിക്കം വില്ലേജിൽ സാംനഗർ കോളനിയിൽ പുനരധിവസിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ റവന്യൂ ഉദ്യോഗസ്ഥരുടെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി കോളനിയിലെ കൈവശക്കാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

പട്ടയം നല്കുന്നതിന് പകരമായി ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ 90 ഏക്കർ റവന്യൂ ഭൂമി കണ്ടെത്തി വനം വകുപ്പിന് കൈമാറുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കാൻ ഇടുക്കി ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കിയിരുന്നു. ജില്ലാ കളക്ടർ ദേവികുളം താലൂക്കിൽ കീഴാന്തൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 50-ൽ റീസർവ്വേ 4-(1)-ൽപ്പെട്ട 90 ഏക്കർ ഭൂമി ഈ ആവശ്യത്തിന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി പരിഹാര വനവത്ക്കരണത്തിനു വേണ്ടി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് ഇതിന്റെ നടപടികളിലേക്കെന്നും പോയിട്ടില്ലായെന്നാണ്. അതുശരിയല്ല. ലാൻഡ് റവന്യൂ കമ്മീഷണർ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് അതിനാവശ്യമായ നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായിട്ടാണ് ഇടുക്കി ജില്ലയിൽ കീഴാന്തൂർ വില്ലേജിൽ ഭൂമി കണ്ടെത്തി നടപടികളുമായി മുന്നോട്ടുപോയിട്ടുള്ളത്. തീർച്ചയായും അതിന്റെ ബാക്കി നടപടികൾ പൂർത്തീകരിക്കുന്നതനുസരിച്ച് ഇവിടെനിന്ന് മാറ്റിപ്പാർപ്പിച്ചിട്ടുള്ള ആളുകൾക്ക് പട്ടയം കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(12) ഏറനാടൻ ചെട്ടി സമുദായത്തെ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തൽ

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> സർ, വയനാട് ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ താമസിക്കുന്ന ഏറനാടൻ ചെട്ടി, മാണ്ടോടൻ ചെട്ടി സമുദായങ്ങളെ ഒ.ബി.സി. ലിസ്റ്റിൽനിന്ന് ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. വയനാട് ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ താമസിക്കുന്ന ഏറനാടൻ ചെട്ടി സമൂഹത്തെ ഒ.ബി.സി. വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വയനാട്ടിലെ വിവിധ പഞ്ചായത്തുകളിലായി ഏകദേശം 3500-നുതാഴെ ജനസംഖ്യയുള്ള വിഭാഗമാണ് ഈ രണ്ട് സമുദായങ്ങളും. നൂറ്റാണ്ടുകൾക്ക് മുമ്പ് കർണ്ണാടകയിൽനിന്നും കുടിയേറിപ്പാർത്ത ഇവർ കന്നഡയും മലയാളവും കലർന്ന ഭാഷയാണ് സംസാരിക്കുന്നത്. ഇവരുടെ ജന്മദേശം ഏതാണെന്നുള്ളതിന് വ്യക്തമായ തെളിവുകളില്ല. 23-5-2014-ലെ മന്ത്രിസഭാ തീരുമാനപ്രകാരം 30 ഒ.ബി.സി. ജാതിക്കാരെ ഒ.ഇ.സി.-യിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചപ്പോൾ ഈ രണ്ടു സമുദായക്കാർക്കും അപേക്ഷ സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഈ രണ്ടു സമുദായക്കാരെയും ഒ.ബി.സി. ലിസ്റ്റിൽ നിന്ന് ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തി ആവശ്യമായ ധനസഹായം നല്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly